**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2038** 18.07.2016- ൽ മറുപടിയ്ക്ക്

## നൂതന റോഡ് നിർമ്മാണ സാങ്കേതിക വിദ്യകൾ

**ചോദ്യം**

ശ്രീ. ഡി.കെ. മുരളി

(എ) കേരളത്തിലെ കാലാവസ്ഥയ്ക്ക് ഏറ്റവും അനുയോജ്യമായതും താരതമ്യേന ചെലവുകുറഞ്ഞതുമായ നൂതന ടാറിംഗ്/ റോഡുനിർമ്മാണ സാങ്കേതികവിദ്യകൾ എന്തൊക്കെയാണെന്നും ഇവ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ?

**മറുപടി**

**ശ്രീ. ജി. സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കേരളത്തിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായതും താരതമ്യേന ചെലവു കുറഞ്ഞതുമായ ചില നൂതന റോഡുനിർമ്മാണ സാങ്കേതികവിദ്യകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1 | Warm mix technology (IRC SP 101 2014) |
| 2 | Cold mix technology using bitumen emulsion (IRC SP 100 2014) |
| 3 | Construction of roads using stone matrix asphalt (IRC SP 792008) |
| 4 | Recycled Asphalt pavements (Clause 519 of MORTH Specification) |
| 5 | Ultra thin white topping (IRC 58 2002) |
| 6 | Ready made bituminous pothole patching mix using cut back bitumen (IRC 116-2014) |
| 7 | Use of Plastic in hot bituminous mixes (IRC SP 98 2013) |

ദേശീയപാതാ വിഭാഗത്തിൽ റോഡുകളുടെ നിർമ്മാണവും, ഉപരിതലം മെച്ചപ്പെടുത്തുന്ന പ്രവൃത്തികളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചാണ് ചെയ്യുന്നത്. ഇത് പ്രകാരം വെറ്റ്മിക്സ് മെക്കാഡം ഫൗണ്ടേഷൻ ലെയറായും, ബിറ്റുമിനസ് മെക്കാഡം (ബിഎം), റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (എൻ.ആർ.എം.ബി) ഉപയോഗിച്ചുള്ള

ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ സർഫസ് ലെയറായും ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ KHRI-യുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം Plastic ഉപയോഗിച്ച് നിലവിൽ 27.45 കി.മി റോഡുകളും ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. ഇനിയും കൂടുതൽ റോഡുകൾ Plastic waste ഉപയോഗിച്ച് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് സാങ്കേതികവിദ്യകൾ പരിശോധിച്ച് കേരളത്തിന്റെ കാലാവസ്ഥയ്ക്കും ചെലവ് കുറഞ്ഞതുമാണെന്ന് Research വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിച്ചാൽ, ആ രീതിയിൽ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണം നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ